കൊച്ചി പോർട്ടിലെ തൊഴിൽ പ്രശ്നങ്ങൾ

204 (3640) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ പ്രശ്നങ്ങൾ കാരണം, ഗോതമ്പ്, വളം പോലുള്ള ചരക്കുകൾ കൊച്ചി പോർട്ട് വഴി കൈകാര്യം ചെയ്യനാവുന്നില്ലെന്ന പോർട്ട് ട്രസ്റ്റ് ചെയർമാന്റെ സ്റ്റേറ്റ്മെന്റ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പോർട്ടിലെ തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) കൊച്ചി പോർട്ടിലെ തൊഴിൽ പ്രശ്നങ്ങൾ കാര്യക്ഷമമായും സമയ ബന്ധിതമായും തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തുറമുഖത്തുനിന്ന് ചരക്ക് നീക്കം ചെയ്യുന്നതിനാവശ്യമായ തൊഴിലാളികളെ ലഭ്യമാക്കുന്നത് കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റിയാണ്. ഗോതമ്പ് നീക്കവുമായി ബന്ധപ്പെട്ട് നിയോഗിച്ചിരുന്ന തൊഴിലാളികളിൽ ജോലിക്ക് കയറുവാൻ വിസമ്മതിച്ച തൊഴിലാളികൾക്കെതിരെ ചുമട്ടുതൊഴിലാളി നിയമപ്രകാരം അംഗത്വം റദ്ദാക്കുന്നത് ഉൾപ്പെടെയുള്ള അച്ചടക്ക നടപടികൾ ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ നിലവിലുള്ള വേതനം സംബന്ധിച്ച് തർക്കം ഉന്നയിച്ച് ജോലികൾ തടസ്സപ്പെടുത്തിയ തൊഴിലാളികൾക്കെതിരെ ചട്ടം 33 പ്രകാരമുള്ള നടപടി സ്വീകരിക്കുവാൻ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. ജോലിയിൽ നിന്നും വിട്ടുനിൽക്കുന്ന തൊഴിലാളികൾക്ക് പകരം കമ്മിറ്റിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾ ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള വേതന നിരക്കിൽ തന്നെ ജോലി നിർവ്വഹിച്ചുവരുന്നു.

(സി) ചുമട്ടുതൊഴിൽ മേഖലയിൽ നടന്ന തൊഴിൽ പ്രശ്നങ്ങളിൽ, ചുമട്ടു തൊഴിലാളി ക്ഷേമബോർഡിന് കീഴിൽ പ്രവർത്തിക്കുന്ന കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റി ചുമട്ടുതൊഴിലാളി നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. വ്യവസായ തർക്ക നിയമപ്രകാരമുള്ള തൊഴിൽ പ്രശ്നങ്ങൾ ഉടലെടുക്കുമ്പോൾ സംസ്ഥാന തൊഴിൽ വകുപ്പ് സമയോചിതമായി ഇടപെട്ട് പ്രശ്നങ്ങൾ ഒത്തുതീർപ്പിലെത്തിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly